FOOD DEPARTMENT—AUDIT OF

188. Mr. K. Kunhirama Menon *(Cheruthuruthi)*: Will Government be pleased to state.—

(*a*) if the accounts of the Food Department have been audited since its creation; if so, how many audits are over;

(*b*) whether the accounts of the Fair Price Shops in the State are separately audited;

(*c*) what is the amount of security for the Managers of these Fair Price Shops;

(*d*) is that amount in proportion to the responsibility they take?

Mr. P. V. Raphael *(Comptroller of Finance and Accounts)*:

(*a*) The accounts of the Food Supplies Department from its very inception are being audited. The accounts of 1118 and a portion of 1119 have been completed.

(*b*) The transactions of Fair Price Shops are consolidated in the Office of the Assistant Supply Officer and they are subjected to audit in the office of the Assistant Supply Officer.

(*c*) Rs. 250.

(*d*) The amount of security is fixed with reference to all relevant considerations one of which is the extent of responsibility.

PERMITS—CYCLES AND TYPEWRITERS

189. മിസ്റ്റർ കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് ദയവായി മറുപടി പറയാമോ.—

(എ) കൊച്ചിരാജ്യത്തിൽ സൈക്കിൾ വാഹനമായി ഉപയോഗിക്കുന്ന ഒരാൾക്കു് ബ്രിട്ടീഷിലേക്കു് പോകണമെങ്കിൽ പെർമിറ്റു് വാങ്ങണമെന്നു് നിർബ്ബന്ധമുണ്ടോ;

(ബി) കൊച്ചിരാജ്യത്തിൽ ഉപയോഗിച്ചുവരുന്ന ഒരാളുടെ ടൈപ്പു് റൈറ്റിംഗു് മെഷ്യൻ ബ്രിട്ടീഷിലേക്കു് കൊണ്ടുപോകുവാൻ ഗവൺമെണ്ടു് പെർമിറ്റു് മേടിക്കണമെന്നു് നിർബ്ബന്ധമുണ്ടോ;

(സി) അങ്ങിനെ കൊടുക്കുന്ന പെർമിറ്റു കിട്ടുവാൻ അപേക്ഷകർക്കു് സ്റ്റാമ്പു് പതിക്കേണമെന്നു നിർബ്ബന്ധമുണ്ടോ; ഉണ്ടെങ്കിൽ എത്ര അണയുടെ സ്റ്റാമ്പാണു് പതിക്കേണ്ടതു്;

(ഡി) അത്തരം പെർമിറ്റുകൾ എത്ര കാലത്തേക്കാണു് കൊടുക്കുക;

(ഇ) അത്തരം അപേക്ഷകർക്കു് പെർമിറ്റു് കൊടുക്കുന്നതാരാണു്;

(എഫ്) ഇത്തരം സാധനങ്ങൾക്കു് പെർമിറ്റു് മേടിക്കണമെന്നു് തിരുവിതാംകൂറിൽ നിർബ്ബന്ധമുണ്ടോ എന്നും, ഉണ്ടെങ്കിൽ അത്തരം അപേക്ഷകർക്കു് സ്റ്റാമ്പു് ഒട്ടിക്കണമെന്നു് നിർബ്ബന്ധമുണ്ടോ എന്നും അറിയാമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ:

(എ) കൊച്ചിരാജ്യത്തിൽനിന്നും ബ്രിട്ടീഷിലേക്കു് സൈക്കിൾ കൊണ്ടുപോകാൻ പെർമിറ്റു് വേണം.

(ബി) ഉണ്ടു്.

(സി) ഉണ്ടു്; നാലണയുടെ സ്റ്റാമ്പു്.

(ഡി) സാധാരണ ഒരു മാസത്തേക്കു്; ആവശ്യം പ്രമാണിച്ചു് യുക്തമെന്നു തോന്നുന്നതായാൽ കൂടുതൽ സമയവും അനുവദിക്കാറുണ്ടു്.

(ഇ) ചീഫു് എഞ്ചിനീയരോ അദ്ദേഹം അധികാരപ്പെടുത്തുന്ന വേറെ ഉദ്യോഗസ്ഥനോ.

(എഫ്) അറിവില്ല.

മിസ്റ്റർ കെ. കുഞ്ഞിരാമമേനോൻ: സാധാരണ ഒരു മാസത്തേക്കു്, എന്നു പറഞ്ഞിട്ടുണ്ടു്. അതിൽ കൂടുതലായ സമയത്തേക്കു് വല്ല അപേക്ഷകളും കിട്ടീട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഒരപേക്ഷ വന്നിട്ടുണ്ടു്, അതു അനുവദിച്ചിട്ടുമുണ്ടു്.

മിസ്റ്റർ കെ. കുഞ്ഞിരാമമേനോൻ: ഇതിൽ അറിവില്ല എന്നു പറഞ്ഞിരിക്കുന്നതിനെപ്പറ്റി അന്വേഷിക്കാമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അന്വേഷിക്കാം.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: സൈക്കിളല്ലാത്ത മറ്റു വാഹനങ്ങൾക്കു പെർമിറ്റു വേണോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: കാളവണ്ടിക്കൊന്നും കൊടുക്കാറില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: കാറിനോ?

LIBRARY ARCHIVES Kerala Legislative Assembly